**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 4631** 18.05.2017 - ൽ മറുപടിക്ക്

## കുറഞ്ഞ വിലയ്ക്ക് പഠനസാമഗ്രികൾ ലഭ്യമാക്കാൻ നടപടി

**ചോദ്യം**

**ശ്രീ.എ.പി. അനിൽ കുമാർ**
**,, കെ.എസ്.ശബരീനാഥൻ**
**,, അനൂപ് ജേക്കബ്**
**,, വി.എസ്.ശിവകുമാർ**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പുതിയ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ കൺസ്യൂമർഫെഡ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) | പുതിയ അദ്ധ്യയന വർഷാംരംഭത്തിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്ത് 250 സ്റ്റുഡന്റ്സ് മാർക്കറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ നിയോജകമണ്ഡലത്തിലും ചുരുങ്ങിയത് ഒരു സ്റ്റുഡന്റ്സ് മാർക്കറ്റ് എങ്കിലും പ്രാഥമിക സഹകരണ സംഘങ്ങളുടെയോ സ്കൂളുകളുടെയോ നേതൃത്വത്തിൽ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് ആവശ്യമായ മുഴുവൻ സാധനങ്ങളും ഒരു മേൽക്കൂരക്ക് കീഴിൽ ലഭ്യമാക്കുക എന്നതാണ് സ്റ്റുഡന്റ്സ് മാർക്കറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. കുടുംബശ്രീ പോലുള്ള കൂട്ടായ്മകളുടെയും, പ്രമുഖ കമ്പനികൾ ഉത്പാദിപ്പിക്കുന്ന സ്കൂൾബാഗ്, കുട, ലഞ്ച് ബോക്സ്, വാട്ടർ ബോട്ടിൽ, പേന, പെൻസിൽ ഇൻസ്ട്രുമെന്റ് ബോക്സ് എന്നിവയും, കൺസ്യൂമർഫെഡ് ഉത്പാദിപ്പിക്കുന്ന ത്രിവേണി നോട്ട് ബുക്കുകളും |

| | | | |
|---|---|---|---|
| | | | സ്റ്റുഡന്റ്സ് മാർക്കറ്റിൽ ലഭ്യമാക്കുന്നതാണ്. മാർക്കറ്റ് വിലയേക്കാൾ 15% മുതൽ 20% വരെ സ്റ്റുഡന്റ്സ് മാർക്കറ്റിൽ സാധനങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| **(ബി)** | പൊതു വിപണിയേക്കാൾ എത്ര ശതമാനം വിലക്കുറവിലാണ് പഠനസാമഗ്രികൾ വിൽക്കുന്നത്; | (ബി) | പൊതുവിപണിയേക്കാൾ 15% മുതൽ 20% വരെ വിലക്കുറവിലാണ് പഠന സാമഗ്രികൾ വിൽക്കുന്നത്. |
| **(സി)** | സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുമോ എന്ന് അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ചുരുങ്ങിയത് ഒരു സ്റ്റുഡന്റ്സ് മാർക്കറ്റ് എങ്കിലും പ്രാഥമിക സഹകരണ സംഘങ്ങളുടെയോ, സ്കൂളുകളുടെയോ നേതൃത്വത്തിൽ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**